# WORLD OCEANS DAY

## BEACH CLEANING ACTIVITY

JOINTLY ORGANISED BY,

SCHOOL OF MARINE SCIENCES, COCHIN UNIVERSITY OF SCIENCE AND TECHNOLOGY
MINISTRY OF EARTH SCIENCES (MOES), GOVERNMENT OF INDIA &
OCEAN SOCIETY OF INDIA (OSI)

### ON JUNE 8, 2024 AT PUTHUVYPE BEACH AT 8 AM

**THEME - WAVES OF CHANGE :**
**COLLECTIVE ACTIONS FOR THE OCEAN**
**SAY NO TO PLASTICS AND PLASTIC POLLUTION AND SAVE OCEANS**

IN ASSOCIATION WITH,

SOCIETY OF MARINE BIOLOGISTS, MARINE BIOLOGY ALUMNI ASSOCIATION,
DEPARTMENT OF MARINE BIOLOGY,
MICROBIOLOGY AND BIOCHEMISTRY, CUSAT.
ST.ALBERT'S COLLEGE, ERNAKULAM
BHARATHA MATA COLLEGE, THRIKKAKARA
MAHARAJAS COLLEGE, ERNAKULAM
ST.TERESA'S COLLEGE, ERNAKULAM
SACRED HEARTS COLLEGE, THEVARA
ASSOCIATION OF FISHERIES GRADUATES

**PROGRAMME SCHEDULE**

ASSEMBLING OF PARTICIPANTS AT BEACH: 8:00 AM
INAUGURATION: SHRI. K.N. UNNIKRISHNAN, MLA, VYPIN
BEACH CLEANING ACTIVITIES
BREAKFAST
CERTIFICATE DISTRIBUTION TO THE PARTICIPANTS

PROGRAMME COORDINATORS
DR.PRIYAJA P
DR. VISHNU K VENUGOPAL

OSI OCEAN SOCIETY OF INDIA

Mathrubhumi മാതൃഭൂമി

# ലോക സമുദ്രദിനം

# ബീച്ചുകൾ ശുചീകരിച്ചു

**വൈപ്പിൻ▸** ലോക സമുദ്രദിനത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല സ്കൂൾ ഓഫ് മറൈൻ സയൻസസ്, ഓഷ്യൻ സൊസൈറ്റി ഓഫ് ഇന്ത്യയുമായി സഹകരിച്ച് വളപ്പ് ബീച്ച് ശുചീകരിച്ചു. കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. സൊസൈറ്റി ഓഫ് മറൈൻ ബയോളജിസ്റ്റ്സ്, ഡിപ്പാർട്ട്മെന്റ് ഓഫ് മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി, സെയ്ന്റ് ആൽബർട്ട്സ് കോളേജ്, സെയ്ന്റ് തെരേസാസ് കോളേജ്, ഭാരതമാതാ കോളേജ്, സേക്രഡ് ഹാർട്ട്സ് കോളേജ്, അസോസിയേഷൻ ഓഫ് ഫിഷറീസ് ഗ്രാജുവേറ്റ്സ് എന്നിവയും ഹരിതകർമ സേനാംഗങ്ങളും ബീച്ച് ശുചീകരണത്തിൽ പങ്കാളികളായി.

ഓഷ്യൻ സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിഡന്റ് ഡോ. എൻ.വി. കുര്യൻ, സ്കൂൾ ഓഫ് മറൈൻ സയൻസസ് ഡയറക്ടർ ഡോ. എ.എ. മുഹമ്മദ് ഹാത്ത, പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. പി. പ്രിയജ, ഡോ. വിഷ്ണു വേണുഗോപാൽ, എളങ്കുന്നപ്പുഴ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് രസികല പ്രിയരാജ്, വാർഡംഗം സ്വാതിഷ് സത്യൻ എന്നിവർ പങ്കെടുത്തു.



▶ സമുദ്രദിനത്തിൽ വളപ്പ് ബീച്ച് ശുചീകരിച്ചവർ കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ.യോടൊപ്പം

**വൈപ്പിൻ▸** ലോക സമുദ്രദിനത്തിൽ എളങ്കുന്നപ്പുഴ ഗ്രാമപ്പഞ്ചായത്ത്, കൊച്ചി ഡി.പി. വേൾഡ്, വല്ലാർപാടം സെയ്ന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, മുളവുകാട് പോലീസ് എന്നിവരുടെ സഹകരണത്തോടെ പുതുവൈപ്പ് ബീച്ചിൽ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. എളങ്കുന്നപ്പുഴ ഗ്രാമപ്പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരംസമിതി അധ്യക്ഷൻ അഡ്വ. ലിഗീഷ് സേവ്യർ ഉദ്ഘാടനം ചെയ്തു. ഡി.പി. വേൾഡ് സീനിയർ മാനേജർ മഹേഷ് കുമാർ, വാർഡ് മെംബർ കെ.ജെ. ജോയ്, സ്കൂൾ പ്രധാനാധ്യാപിക കൊച്ചുത്രേസ്യ, അധ്യാപകരായ ഫ്രാൻസിസ് പോൾ, ജിൻസി ടി.എസ്., ജീന ടി.ജി., ജോർജ് ജോസഫ്, പി.ടി.എ. പ്രസിഡന്റ് ജോസഫ് സാബി, സിവിൽ പോലീസ് ഓഫീസർമാരായ തോമസ് പോൾ, സിന്ധ്യ കെ.ബി. തുടങ്ങിയവർ നേതൃത്വം നൽകി. ശേഖരിച്ച 200 കിലോയിലധികം പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്കിളിങ്ങിനായി മാറ്റി.



▶ ലോക സമുദ്രദിനത്തിൽ പുതുവൈപ്പ് ബിച്ചിൽ നടത്തിയ ശുചികരണ യജ്ഞം എളങ്കുന്നപ്പുഴ ഗ്രാമപ്പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ അഡ്വ. ലിഗിഷ് സേവ്യർ ഉദ്ഘാടനം ചെയ്യുന്നു

**വൈപ്പിൻ▸** ലോക സമുദ്രദിനത്തിൽ എളങ്കുന്നപ്പുഴ ഗ്രാമപ്പഞ്ചായത്ത്, പെട്രോനെറ്റ് എൽ.എൻ.ജി.യുടെ സഹകരണത്തോടെ പുതുവൈപ്പ് ബീച്ച് ശുചീകരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് രസികല പ്രിയരാജ് ഉദ്ഘാടനം ചെയ്തു. പുതുവൈപ്പ് ബീച്ചിൽ സ്ഥാപിച്ച പ്ലാസ്റ്റിക്ക് ബോട്ടിൽ കളക്ഷൻ ബിൻ കൊച്ചി പെട്രോനെറ്റ് എൽ.എൻ.ജി. വൈസ് പ്രസിഡന്റ് ഉപീന്ദർ കുമാർ പഞ്ചായത്ത് പ്രസിഡന്റിന് കൈമാറി. പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരംസമിതി അധ്യക്ഷൻ അഡ്വ. ലിഗീഷ് സേവ്യർ, വാർഡംഗം കെ.ജെ. ജോയ്, പെട്രോനെറ്റ് ജനറൽ മാനേജർ സഞ്ജയ് കുമാർ എന്നിവർ സംസാരിച്ചു.



▶ പുതുവൈപ്പ് ബിച്ച് ശുചികരണം പഞ്ചായത്ത് പ്രസിഡന്റ് രസികല പ്രിയരാജ് ഉദ്ഘാടനം ചെയ്യുന്നു



**വളപ്പ് ബീച്ച് ശുചീകരണം കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്യു**

# വളപ്പ് ബീച്ച് ശുചീകരിച്ചു

**വൈപ്പിൻ**

ലോക മഹാസമുദ്രദിനത്തോടനുബന്ധിച്ച് കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാല സ്കൂൾ ഓഫ് മറൈൻ സയൻസസ്, ഓഷ്യൻ സൊസൈറ്റി ഓഫ് ഇന്ത്യയുമായി സഹകരിച്ച് വളപ്പ് ബീച്ച് ശുചീകരിച്ചു. കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ ഉദ്ഘാടനംചെയ്തു.

സൊസൈറ്റി ഓഫ് മറൈൻ ബയോളജിസ്റ്റ്സ്, ഡിപ്പാർട്ട്മെന്റ് ഓഫ് മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി, സെന്റ് ആൽബർട്സ് കോളേജ്, സെന്റ് തെരേസാസ് കോളേജ്, ഭാരത മാതാ കോളേജ്, സേക്രഡ് ഹാർട്ട് കോളേജ്, അസോസിയേഷൻ ഓഫ് ഫിഷറീസ് ഗ്രാജുവേറ്റ്സ് എന്നിവയും ഹരിതകർമസേനാംഗങ്ങളും ബീച്ച് ശുചീകരണത്തിൽ പങ്കാളികളായി. നൂറിൽപ്പരം വിദ്യാർഥികൾ പങ്കെടുത്തു.

ഓഷ്യൻ സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിഡന്റ് ഡോ. എൻ വി കുര്യൻ, സ്കൂൾ ഓഫ് മറൈൻ സയൻസസ് ഡയറക്ടർ ഡോ. എ എ മുഹമ്മദ് ഹാത്ത, പ്രോഗ്രാം കോ–ഓർഡിനേറ്റർ ഡോ. പി പ്രിയജ, ഡോ. വിഷ്ണു വേണുഗോപാൽ എന്നിവർ സംസാരിച്ചു. എളങ്കുന്നപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് രസികല പ്രിയരാജ്, വാർഡ് അംഗം സ്വാതിഷ് സത്യൻ എന്നിവർ പങ്കെടുത്തു.